## 2

# രണ്ട് പാസ്റ്റർമാരെ സ്നേഹിക്കുന്നു

### (തെക്കൻ കൊറിയ - ഹീ സൂക്ക് കിം)

തെക്കൻ കൊറിയയുടെ തലസ്ഥാനമായ സിയോൻ നഗരത്തിലൂടെ രണ്ടു ഗ്രന്ഥ സുവിശേഷകൻ വീടുവീടാനന്തരം പുസ്തകം നല്കുന്നതിനായി എന്നോടൊപ്പമുണ്ട്. ഞങ്ങൾ ആ നഗരത്തിലൂടെ നടന്നുനീങ്ങവെ ഞായറാഴ്ച സഭാവിഭാഗത്തിലെ ഒരു സെമിനാരി വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഒരു വിനോദസഞ്ചാരത്തിന്റെ വലിയ ബാനർ കണ്ടു. അവിടെ എന്താണ് നടക്കുന്നത് എന്നറിയാൻ ഞങ്ങൾ അവിടെ ചെന്നു. അതൊരു വീടായിരുന്നു. ഒരു ഭാര്യയും ഭർത്താവും അവിടെ ഉണ്ടായിരുന്നു. അവർ ഇരുവരും ഒരു വലിയ ഞായറാഴ്ച പള്ളിയുടെ പാസ്റ്ററുമാരാണ്.

“ഞങ്ങൾ കൊറിയയിൽ പ്രസിദ്ധീകരണശാലയിൽനിന്നും വരുന്നു. ഈ പുസ്തകങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു” ഞാൻ പറഞ്ഞു.

എന്നെ ആശ്ചര്യപ്പെടുത്തികൊണ്ട് അതിലൊരാൾ സെവന്ത്ഡേ അഡ്വന്റിസ്റ്റ് എന്ന പേര് തിരിച്ചറിഞ്ഞു. പെട്ടെന്ന് അദ്ദേഹം എന്നോട്: “നിങ്ങൾ എന്തിനാണ് ശനിയാഴ്ച പള്ളിയിൽ പോകുന്നത്?” എന്ന് ചോദിച്ചു.

സൃഷ്ടിപ്പിന്റെ കഥ ഞാൻ ഉല്പത്തിയിൽനിന്നും വിവരിച്ചു. എപ്രകാരമാണ് ദൈവം ആറ് ദിവസംകൊണ്ട് ആകാശവും ഭൂമിയെയും സൃഷ്ടിച്ചതെന്നും ഏഴാം ദിവസും ദൈവം സ്വസ്ഥമായിരുന്ന് ആ ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചതെന്നും ഞാൻ വിവരിച്ചു. പിന്നെ ഞാൻ ഒരു ബൈബിൾ പാഠം അദ്ദേഹത്തിനു നല്കിയിട്ട് രണ്ടാമത്തെ പാഠം അടുത്ത ആഴ്ച കൊണ്ടുവരാം എന്ന് പറഞ്ഞു.

ഞങ്ങൾ തമ്മിൽ സംസാരിച്ചപ്പോൾ കീ ജോ മൂണിന് നന്നായി ബൈബിൾ അറിയാമെന്ന് എനിക്കു മനസ്സിലായി. താനും ഭാര്യയും പാസ്റ്ററുമാരായി ഏകദേശം മുപ്പതിൽപ്പരം വർഷം സേവനം ചെയ്യുന്നവരാണ്. അതുകൊണ്ട് പിറ്റേപ്രാവശ്യം ഞാൻ അവരെ സന്ദർശിച്ചപ്പോൾ ഞാൻ ബൈബിൾ പാഠം കൊണ്ടുപോയില്ല. പകരം വൻവിവാദം എന്ന പുസ്തകപതിപ്പുകൾ അവർക്കു നല്കി. അതിലെ അഞ്ച് പുസ്തകങ്ങൾക്ക് തെക്കൻ കൊറിയൻ വിനിമയ നിരക്കനുസരിച്ച് 300,000 വേൺ അഥവാ 18,954 രൂപ വരും. പക്ഷേ ഞാൻ അവർക്ക് അത് സൗജന്യമായി കൊടുത്തു.

പാസ്റ്റർക്ക് കീ ജോ മൂൺ ഡാനിയേൽ പുസ്തകത്തിൽ താത്പര്യം കാണിച്ചു. എന്റെ അടുത്ത സന്ദർശനത്തിൽ ഞാൻ ഡാനിയേലും വെളിപ്പാടും പുസ്തകങ്ങളുടെ ഒരു കമൻട്രികൊണ്ട് കൊണ്ടു കൊടുത്തു.

ചില നാളുകൾക്കുശേഷം അദ്ദേഹം എനിക്ക് ഒരു മെസ്സേജ് അയച്ചു: "ഞാൻ ഇത്രയും നാളും വളരെ ഉപരിതലപഠനമാണ് ബൈബിളിൽ നടത്തിയിരുന്നത്. എനിക്ക് നിങ്ങളുടെ സഭ സന്ദർശിക്കുവാൻ കഴിയുമോ?"

പാസ്റ്റർ സഭാ ശുശ്രൂഷ ഇഷ്ടപ്പെട്ടു. പല ആവർത്തി മടങ്ങിവന്നു. പക്ഷേ പിന്നെ അദ്ദേഹം വരാതെയായി. എന്താണ് സംഭവിക്കുന്നത് എന്നു ഞാൻ സന്ദേഹിച്ചു. ഞാൻ വിളിക്കുമ്പോഴൊക്കെ എന്തെങ്കിലും ഒഴിവുകഴിവുകൾ പറയുമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ തന്നെ പള്ളിയിൽ പോകുന്നതിൽ നിന്നും വിലക്കിയിരുന്നുവെന്ന് ഞാൻ പിന്നീടാണ് അറിഞ്ഞത്. എന്നാലും ഞാൻ അദ്ദേഹത്തെ പള്ളിയിൽ വരാൻ ക്ഷണിച്ചുകൊണ്ടിരുന്നു.

ഏഴു വർഷങ്ങൾക്കുശേഷം ഞാൻ ആ പാസ്റ്ററെ ഒരു ആരോഗ്യ സെമിനാറിൽ പങ്കുചേരുവാൻ ഞാൻ ക്ഷണിച്ചു. ചില ശീലങ്ങൾക്ക് അടിമയായവർക്കു വിടുതലിനുവേണ്ടി അവിടെ ചില ഫ്രെഷ് ജൂസുകൾ ഉണ്ടാക്കിയിരുന്നു.

പക്ഷേ ഈ കാര്യങ്ങൾ ഞാൻ പാസ്റ്ററോട് പറഞ്ഞപ്പോൾ തന്റെ ഭാര്യയോട് പറയാൻ പറഞ്ഞു. അങ്ങനെ ഞാൻ ഭാര്യയോട് പറഞ്ഞു. അവർ ഇരുവരും വരാൻ തീരുമാനിച്ചു. ഇത് ആദ്യമായാണ് അവർ ഇരുവരും ചേർന്ന് ഒരു അഡ്വന്റിസ്റ്റ് കൂട്ടായ്മയിൽ വരുന്നത്.

അതിനുശേഷം ഇവർ ഒരു സുവിശേഷ പരമ്പരയ്ക്ക് വന്നു. പാസ്റ്റർ ദൂത് കേട്ട് സത്യം മനസ്സിലാക്കി. പക്ഷേ അതു സ്വീകരിക്കണമോ എന്ന ആശങ്കയിലായി. അതുകൊണ്ട് ഞാൻ അവരെ വീണ്ടും മറ്റൊരു സുവിശേഷ പരമ്പരയ്ക്ക് ക്ഷണിച്ചു. അവർ എല്ലാ ദിവസവും സംബന്ധിക്കുകയും ദൂതിൽ അലിഞ്ഞു ചേരുകയും ചെയ്തു.

ഞങ്ങൾ കണ്ടുമുട്ടി എട്ടു വർഷങ്ങൾക്കു ശേഷം പാസ്റ്ററും ഭാര്യയും ഒരുമിച്ച് 2017 ഫെബ്രുവരിയിൽ സ്നാനപ്പെട്ടു. ദൈവവചനവും ദൈവം നമുക്ക് നല്കിയിരിക്കുന്ന ആരോഗ്യദൂതും ഹൃദയങ്ങളെ മാറ്റും.

◈ ◈ ◈